Printed at Kerala State C-apt, Thiruvananthapuram. Ph: 0471-2365678

Hand Book No 1

ഔദ്യോഗിക ആവശ്യത്തിനു മാത്രം

# പൊതുതിരഞ്ഞെടുപ്പ് – 2025

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സംവരണ നിയോജക മണ്ഡലങ്ങൾ/വാർഡുകൾ നിശ്ചയിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
കേരളം

2025

Hand Book No - 1

ഔദ്യോഗിക ആവശ്യത്തിനു മാത്രം

# പൊതുതിരഞ്ഞെടുപ്പ് – 2025

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സംവരണ നിയോജനമണ്ഡലങ്ങൾ/ വാർഡുകൾ നിശ്ചയിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
കേരളം
2025

# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സംവരണ നിയോജനമണ്ഡലങ്ങൾ / വാർഡുകൾ നിശ്ചയിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

പ്രസിദ്ധീകരിക്കുന്നത്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**
ജനഹിതം, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം

കോപ്പികൾ –3000

# ആമുഖം

സംസ്ഥാനത്തെ ഓരോ തദ്ദേശസ്ഥാപനങ്ങളിലും ആകെയുള്ള സ്ഥാനങ്ങളുടെ 50 ശതമാനം സ്ത്രീകൾക്കും, ജനസംഖ്യയ്ക്ക് ആനുപാതികമായി നിശ്ചിത എണ്ണം സ്ഥാനങ്ങൾ പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കും സംവരണം ചെയ്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വരുന്ന പൊതുതിരഞ്ഞെടുപ്പിൽ സംവരണസ്ഥാനങ്ങൾ ഈ തദ്ദേശ സ്ഥാപനത്തിലെ ഏതൊക്കെ നിയോജകമണ്ഡലങ്ങൾക്കാണ് നിശ്ചയിച്ച് നൽകേണ്ടത് എന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആവർത്തനക്രമം പാലിച്ച് നറുക്കെടുപ്പിലൂടെയാണ് തീരുമാനിക്കുന്നത്. ഒരു തദ്ദേശസ്ഥാപനത്തിലെ ഏതെങ്കിലും നിയോജക മണ്ഡലം തുടർച്ചയായി ഒരു സംവരണ വിഭാഗത്തിന് തന്നെ സംവരണം ചെയ്യപ്പെടുന്നത് ഒഴിവാക്കുന്നതിനാണ് ഇപ്രകാരം ആവർത്തനക്രമം പാലിച്ച് നറുക്കെടുപ്പിലൂടെ സംവരണ നിയോജകമണ്ഡലം തീരുമാനിക്കുന്നത്. ഇതിലേക്ക് 2015, 2020 തിരഞ്ഞെടുപ്പ് വർഷങ്ങളിൽ, ഒരു തദ്ദേശസ്ഥാപനത്തിലെ ഏതൊക്കെ നിയോജകമണ്ഡലങ്ങൾ ഏതൊക്കെ സംവരണ വിഭാഗത്തിന് സംവരണം ചെയ്തിരുന്നുവെന്ന് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് നറുക്കെടുപ്പ് നടത്തുന്നതിന് മുൻപ് തന്നെ ബോധ്യമുണ്ടായിരിക്കേണ്ടതാണ്. നിലവിലുള്ള ആകെ സ്ഥാനങ്ങളുടെ എണ്ണം, വരുന്ന പൊതുതിരഞ്ഞെടുപ്പിലും മാറ്റമില്ലാതെ തുടരുന്ന തദ്ദേശസ്ഥാപനങ്ങളിലും നിലവിലുള്ള ആകെ സ്ഥാനങ്ങളുടെ എണ്ണത്തിൽ മാറ്റം വരുകയും അതിൻ പ്രകാരം ഡീലിമിറ്റേഷനിലൂടെ നിയോജകമണ്ഡലങ്ങൾ പുനർരൂപീകരിക്കുകയും ചെയ്ത തദ്ദേശസ്ഥാപനങ്ങളിലും ഈ മാർഗ്ഗനിർദ്ദേശങ്ങളിൽ സൂചിപ്പിച്ചിരിക്കുന്ന വ്യത്യസ്ഥ നടപടിക്രമങ്ങളാണ് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടത്. തദ്ദേശസ്ഥാപനത്തിൽ നിന്നും വിശദാംശങ്ങൾ ശേഖരിക്കുന്നതിനും നറുക്കെടുപ്പിന്റെ പുരോഗതി രേഖപ്പെടുത്തുന്നതിനും ഉത്തരവ് പാസ്സാക്കുന്നതിനും മറ്റും നിശ്ചിത ഫോറങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ളത് കൂടുതൽ ഉപയോഗപ്രദമാകും എന്ന് കരുതുന്നു. ഭരണഘടനയുടെ 243 ഡി, 243 ടി അനുഛേദങ്ങളിലും കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം സംവരണ സ്ഥാനങ്ങൾ ഒരു തദ്ദേശ സ്ഥാപനത്തിലെ വിവിധ നിയോജക മണ്ഡലങ്ങൾക്ക് ആവർത്തനക്രമം പാലിച്ച് നിശ്ചയിച്ച് നൽകുന്നതിന് ഈ മാർഗനിർദ്ദേശങ്ങൾ സഹായകമാകും എന്ന് പ്രതീക്ഷിക്കുന്നു.

എ. ഷാജഹാൻ
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

തിരുവനന്തപുരം
9.4.2025

# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സംവരണ നിയോജകമണ്ഡലങ്ങൾ / വാർഡുകൾ നിശ്ചയിക്കുന്നത് സംബന്ധിച്ച് കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷൻ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ

## I. സംവരണ സ്ഥാനങ്ങളുടെ എണ്ണം സർക്കാർ നിശ്ചയിക്കുന്നു

(എ) ഭരണഘടനാ വ്യവസ്ഥകളും കേരള പഞ്ചായത്ത് രാജ് ആക്ടിലെ 7(3), 8(3), 9(3) വകുപ്പുകളും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 6(5) വകുപ്പും അനുസരിച്ച് ഓരോ തദ്ദേശ സ്ഥാപനത്തിലെയും പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യക്ക് ആനുപാതികമായി നിശ്ചിത എണ്ണം സ്ഥാനങ്ങൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് സംവരണം ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ബി) കേരള പഞ്ചായത്ത് രാജ് ആക്ടിലെ 7(6), 8(6), 9(6) വകുപ്പുകളും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 6(7) വകുപ്പും പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 50% (ഭിന്നസംഖ്യ വരുന്ന സംഗതിയിൽ തൊട്ടടുത്തുള്ള ഉയർന്ന പൂർണ്ണസംഖ്യയായി നിജപ്പെടുത്തിക്കൊണ്ട്) എണ്ണം സ്ഥാനങ്ങൾ സ്ത്രീകൾക്കുവേണ്ടി സംവരണം ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(സി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് സംവരണം ചെയ്ത സ്ഥാനങ്ങളുടെ 50% എണ്ണം സ്ഥാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട് 7(5), 8(5), 9(5) വകുപ്പുകളും കേരള മുനിസിപ്പാലിറ്റി ആക്ട് 6(6) വകുപ്പുപ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ സ്ത്രീകൾക്കു വേണ്ടിയും സംവരണം ചെയ്തിരിക്കുന്നു. <u>സ്ത്രീകൾക്കായി ആകെ സംവരണം ചെയ്ത 50% എണ്ണം സ്ഥാനങ്ങൾ പട്ടികജാതി, പട്ടികവർഗ്ഗ സ്ത്രീകൾക്കായി സംവരണം ചെയ്ത എണ്ണം സ്ഥാനങ്ങൾ കൂടി ഉൾപ്പെടുന്നതാണ്.</u>

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ സ്ത്രീ, പട്ടികജാതി സ്ത്രീ, പട്ടികവർഗ്ഗ സ്ത്രീ, പട്ടികജാതി, പട്ടികവർഗ്ഗം എന്നിങ്ങനെ അഞ്ച് വിഭാഗങ്ങൾക്കാണ് തദ്ദേശസ്ഥാപനത്തിലെ സ്ഥാനങ്ങൾ സംവരണം ചെയ്തിട്ടുള്ളത്.

(ഇ) ഓരോ തദ്ദേശ സ്ഥാപനത്തിനും മേൽപ്പറഞ്ഞ പ്രകാരം സംവരണസ്ഥാനങ്ങളുടെ എണ്ണം നിശ്ചയിച്ചു കൊണ്ട് മുനിസിപ്പാലിറ്റികളുടെ കാര്യത്തിൽ കേരള സർക്കാരും ത്രിതല പഞ്ചായത്തുകളുടെ കാര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടറും (റൂറൽ) ആണ് വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുന്നത്. മേൽ പ്രകാരം സംവരണം ചെയ്ത സ്ഥാനങ്ങൾ പൊതുതിരഞ്ഞെടുപ്പിൽ ആവർത്തന ക്രമമനുസരിച്ച് ഏത് നിയോജക മണ്ഡലത്തിനാണ് നൽകേണ്ടതെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനോ അത് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, വിജ്ഞാപനം വഴി നിശ്ചയിക്കുന്ന സമയത്തും തീയതിയിലും സ്ഥലത്തും വച്ച് നറുക്കെടുപ്പിലൂടെ തീരുമാനിക്കുന്നതാണ്.

**നിയോജകമണ്ഡലം/വാർഡ് :- കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഏതെങ്കിലും തലത്തിലുള്ള ഒരു പഞ്ചായത്തിലേയ്ക്കുള്ള അംഗത്തെ തിരഞ്ഞെടുക്കുന്നതിന് വേണ്ടിയുള്ള ഭൂപ്രദേശത്തെ ഒരു നിയോജകമണ്ഡലം എന്ന് നിർവ്വചിച്ചിരിക്കുന്നു. ഇത്തരം ഒരു ഭൂപ്രദേശത്തെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ വാർഡ് എന്നാണ് വിവക്ഷിച്ചിരിക്കുന്നത്. ഇവയുടെ രണ്ടിനും പൊതുവായി "നിയോജകമണ്ഡലം" എന്നാണ് ഈ മാർഗ്ഗനിർദ്ദേശങ്ങളിൽ സൂചിപ്പിച്ചിട്ടുള്ളത്.**

## II. സംവരണ മണ്ഡലങ്ങൾ ഏതൊക്കെയാണെന്ന് കമ്മീഷൻ തീരുമാനിക്കുന്നു

ഓരോ തദ്ദേശ സ്ഥാപനങ്ങളിലും സർക്കാർ വിജ്ഞാപന പ്രകാരം നിശ്ചയിച്ച അത്രയും എണ്ണം സംവരണ നിയോജക മണ്ഡലങ്ങൾ കണ്ടെത്തേണ്ട ചുമതല കമ്മീഷനാണ്. സംവരണം ചെയ്ത നിയോജകമണ്ഡലങ്ങൾ ഏതൊക്കെയാണെന്ന് പൊതുതിരഞ്ഞെടുപ്പിനു മുൻപ് ആവർത്തന ക്രമത്തിലൂടെയാണ് (Rotation) കമ്മീഷൻ നിശ്ചയിക്കുന്നത്. ഒരു തദ്ദേശ സ്ഥാപനത്തിലെ ഏതെങ്കിലും നിയോജകമണ്ഡലം **തുടർച്ചയായി** ഒരു വിഭാഗത്തിനു തന്നെ സംവരണം ചെയ്യപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനാണ് ഓരോ പൊതുതിരഞ്ഞെടുപ്പിന് മുൻപും ഇപ്രകാരം ആവർത്തന ക്രമം പാലിച്ച് നറുക്കെടുപ്പ് നടത്തുന്നത്. ഒരു തദ്ദേശ സ്ഥാപനത്തിലെ 50%-ലേറെ സ്ഥാനങ്ങൾ സംവരണംചെയ്തിട്ടുള്ളതിനാൽ ഒരു നിയോജക മണ്ഡലം തുടർച്ചയായി സംവരണം ചെയ്യപ്പെടുന്നത് ഒഴിവാക്കാൻ കഴിഞ്ഞില്ലെങ്കിൽ തന്നെയും ഒരു നിയോജകമണ്ഡലം രണ്ടിൽ കൂടുതൽ തവണ തുടർച്ചയായി സംവരണം ചെയ്യപ്പെടാതെയിരിക്കുന്ന രീതിയിൽ വേണം പൊതുതിരഞ്ഞെടുപ്പിന് മുൻപ് ആവർത്തനക്രമം പാലിച്ച് നറുക്കെടുപ്പ് നടത്തേണ്ടത്.ഇപ്രകാരം സംവരണമണ്ഡലങ്ങൾ കണ്ടെത്തുന്നതിന് കമ്മീഷൻ ജില്ലാ/ബ്ലോക്ക്/ ഗ്രാമ പഞ്ചായത്തുകളുടെ കാര്യത്തിൽ അതാത് ജില്ലാകളക്ടർമാരെയും മുനിസിപ്പൽ കൗൺസിലുകളുടെ കാര്യത്തിൽ ജില്ലയിലെ തദ്ദേശ സ്വയംഭരണ ജോയിന്റ് ഡയറക്ടറെയും മുനിസിപ്പൽ കോർപ്പറേഷന്റെ കാര്യത്തിൽ തദ്ദേശ സ്വയംഭരണ ഡയറക്ടർ (അർബൻ)-നെയുമാണ് അധികാര പ്പെടുത്തിയിട്ടുള്ളത്.

കേരള പഞ്ചായത്ത് രാജ് ആക്ടിലെ 10(2 എ) വകുപ്പ് പ്രകാരം ഓരോ തദ്ദേശസ്ഥാപനത്തിലെയും സംവരണമണ്ഡലങ്ങൾ തീരുമാനിക്കുന്നതിനുള്ള തീയതിയും സമയവും സ്ഥലവും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം വഴി നിശ്ചയിച്ച് അറിയിക്കുന്നു. ഇപ്രകാരം നിശ്ചയിച്ച തീയതിയിലും സമയത്തും സ്ഥലത്തും വച്ച് കമ്മീഷൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഇതു സംബന്ധിച്ച അനുബന്ധം R-VIII മുതൽ R-X വരെയുള്ള ഫോറത്തിൽ അറിയിപ്പ്

നൽകിയശേഷം സംവരണ മണ്ഡലങ്ങൾ ആവർത്തനക്രമം പാലിച്ച് നറുക്കെടുപ്പിലൂടെ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

## III. ആവർത്തനക്രമം (Rotation) പാലിച്ച് നറുക്കെടുപ്പിലൂടെ തീരുമാനിക്കുക എന്നത് കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്?

ഒരു പൊതുതിരഞ്ഞെടുപ്പിൽ സംവരണം ചെയ്യേണ്ട നിയോജകമണ്ഡലങ്ങൾ കണ്ടെത്തുന്നതിന് നിലവിൽ സംവരണ നിയോജകമണ്ഡലങ്ങൾ ആയിരുന്നവയെ ഒഴിവാക്കിയും ശേഷിച്ച മണ്ഡലങ്ങളെ ഉൾപ്പെടുത്തിയും നറുക്ക് തയാറാക്കേണ്ടതാണ്. സ്ത്രീ, പട്ടികജാതി സ്ത്രീ, പട്ടികവർഗ്ഗ സ്ത്രീ, പട്ടികജാതി, പട്ടികവർഗ്ഗം എന്നീ ക്രമത്തിൽ ഏത് നിയോജകമണ്ഡലത്തിന്റെ പേരാണോ നറുക്കെടുക്കുന്നത് അതിനെ ബന്ധപ്പെട്ട സംവരണ മണ്ഡലമായി തീരുമാനിക്കുന്ന രീതിയെയാണ് ആവർത്തനക്രമം പാലിച്ച് നറുക്കെടുപ്പിലൂടെ തീരുമാനിക്കുക എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു നിയോജകമണ്ഡലം തുടർച്ചയായി ഏതെങ്കിലും ഒരു വിഭാഗത്തിനുതന്നെ സംവരണമായി വരുന്നത് തടയുക എന്ന ഉദ്ദേശത്തോടെയാണ് ഓരോ പൊതുതിരഞ്ഞെടുപ്പിനു മുൻപും ഇപ്രകാരം ആവർത്തനക്രമം പാലിച്ച് നറുക്കെടുപ്പ് നടത്തുന്നത്.

**നിലവിലുള്ള നിയോജക മണ്ഡലങ്ങളുടെ എണ്ണം, വരുന്ന പൊതുതിരഞ്ഞെടുപ്പിലും മാറ്റമില്ലാതെ തുടരുന്ന തദ്ദേശ സ്ഥാപനങ്ങളിലും, നിലവിലുള്ള നിയോജക മണ്ഡലങ്ങളുടെ ആകെ എണ്ണത്തിൽ മാറ്റം വരികയും അതിൻ പ്രകാരം ഡീലിമിറ്റേഷനിലൂടെ നിയോജക മണ്ഡലങ്ങൾ പുനർരൂപീകരിക്കുകയും ചെയ്ത തദ്ദേശ സ്ഥാപനങ്ങളിലും സംവരണ മണ്ഡലങ്ങൾ നിശ്ചയിക്കുന്നതിന് വ്യത്യസ്ത നടപടി ക്രമമാണ് കമ്മീഷൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻമാർ സ്വീകരിക്കേണ്ടത്.**

IV. എ. <u>നിലവിലുള്ള സ്ഥാനങ്ങളുടെ എണ്ണം വരുന്ന പൊതുതിരഞ്ഞെടുപ്പിലും മാറ്റമില്ലാതെ തുടരുന്ന തദ്ദേശസ്ഥാപനത്തിൽ സംവരണ മണ്ഡലങ്ങൾ നിശ്ചയിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ</u>

(i) ഇതിലേക്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഒരു തദ്ദേശസ്ഥാപനത്തിലെ നിലവിലെ സംവരണവിവരം തദ്ദേശ

സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്നും അനുബന്ധം R-1 ൽ ശേഖരിക്കണം.

(ii) നിലവിൽ സംവരണ മണ്ഡലങ്ങളായിരുന്നവയെ ഒഴിവാക്കി കൊണ്ടായിരിക്കണം വരുന്ന തിരഞ്ഞെടുപ്പിലെ സംവരണ മണ്ഡലങ്ങളെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ നറുക്കെടുപ്പിലൂടെ നിശ്ചയിക്കേണ്ടത്.

(iii) ഒരു തദ്ദേശ സ്ഥാപനത്തിലെ ഒരോ നിയോജകമണ്ഡലത്തിന്റെയും നിലവിലെ സംവരണവിവരം പട്ടിക-എ യുടെ 1 മുതൽ 3 വരെ കോളങ്ങളിൽ രേഖപ്പെടുത്തണം. വരുന്ന തിരഞ്ഞെടുപ്പിൽ ഏതൊക്കെ നിയോജകമണ്ഡലം ഏതൊക്കെ സംവരണത്തിൽ നിന്നും ഒഴിവാക്കേണ്ടതുണ്ട് എന്ന് കോളം 4-ൽ (എ) മുതൽ (ഡി) വരെ രേഖപ്പെടുത്തണം. തുടർന്ന് പട്ടിക എ യുടെ ഓരോ കോളങ്ങളിലും നൽകിയിട്ടുള്ള നിർദ്ദേശം പാലിച്ച്, വരുന്ന തിരഞ്ഞെടുപ്പിലെ സ്ത്രീ സംവരണ നിയോജകമണ്ഡലങ്ങൾ കോളം 5 ലും, കുറവ് നികത്തുന്നതിന് നറുക്കെടുപ്പിലൂടെ കണ്ടെത്തിയ സ്ത്രീ സംവരണ നിയോജക മണ്ഡലങ്ങൾ കോളം 6 ലും, വരുന്ന തിരഞ്ഞെടുപ്പിലെ പട്ടികജാതി സ്ത്രീ, പട്ടിക വർഗ്ഗ സ്ത്രീ, പട്ടികജാതി (open) പട്ടികവർഗ്ഗം (open) എന്നിവ യഥാക്രമം 7 മുതൽ 10 വരെയുള്ള കോളങ്ങളിലും രേഖപ്പെടുത്തണം.

മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ, സ്ഥാനങ്ങളുടെ എണ്ണം വരുന്ന തിരഞ്ഞെടുപ്പിലും മാറ്റമില്ലാതെ തുടരുന്ന ഒരു തദ്ദേശ സ്ഥാപനത്തെ സംബന്ധിച്ച് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ എപ്രകാരം പ്രാവർത്തികമാക്കാമെന്ന് താഴെപ്പറയുന്ന ഉദാഹരണത്തിലൂടെ വ്യക്തമാക്കാം.

ഉദാഹരണം:- അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് തദ്ദേശസ്ഥാപന സെക്രട്ടറിയിൽ നിന്നും അനുബന്ധം R-1 ൽ ലഭിച്ച 2015-ലെയും 2020-ലെയും സംവരണ വിവരം താഴെ പറയുന്ന പ്രകാരമാണ്.

## X പഞ്ചായത്ത്
## 2015, 2020 എന്നീ വർഷങ്ങളിലെ സംവരണ മണ്ഡലങ്ങൾ

<table>
<tr><th>നിയോജക മണ്ഡലം</th><th>2015</th><th>2020</th><th rowspan="18">2025-ലെതിരഞ്ഞെടുപ്പിൽ സംവരണത്തിൽ നിന്നും ആദ്യം ഒഴിവാക്കേണ്ട നിയോജക മണ്ഡലങ്ങൾ*<br><br>(എ) സ്ത്രീ സംവരണത്തിൽ നിന്ന് ഒഴിവാക്കേണ്ടവ<br>1,6,7,8,9,10,12,15,17<br><br>(ബി) 2015-ലും 2020-ലും തുടർച്ചയായി സംവരണം വന്നതിനാൽ 2025-ൽ സംവരണത്തിൽനിന്നും പൂർണ്ണമായും ഒഴിവാക്കേണ്ട നിയോജകമണ്ഡലങ്ങൾ<br>6,12,13<br><br>(സി) SC സംവരണത്തിൽ നിന്നും ഒഴിവാക്കേണ്ടവ<br>(i)SC W : 6<br>(ii) SC : 13<br>(ഡി) ST സംവരണത്തിൽ നിന്നും ഒഴിവാക്കേണ്ടവ<br>(i) ST W : Nil<br>(ii) ST : Nil</th></tr>
<tr><td>1</td><td>G</td><td>W</td></tr>
<tr><td>2</td><td>SC</td><td>G</td></tr>
<tr><td>3</td><td>W</td><td>G</td></tr>
<tr><td>4</td><td>W</td><td>G</td></tr>
<tr><td>5</td><td>W</td><td>G</td></tr>
<tr><td>6</td><td>W</td><td>SCW</td></tr>
<tr><td>7</td><td>G</td><td>W</td></tr>
<tr><td>8</td><td>G</td><td>W</td></tr>
<tr><td>9</td><td>G</td><td>W</td></tr>
<tr><td>10</td><td>G</td><td>W</td></tr>
<tr><td>11</td><td>SCW</td><td>G</td></tr>
<tr><td>12</td><td>W</td><td>W</td></tr>
<tr><td>13</td><td>W</td><td>SC</td></tr>
<tr><td>14</td><td>W</td><td>G</td></tr>
<tr><td>15</td><td>G</td><td>W</td></tr>
<tr><td>16</td><td>W</td><td>G</td></tr>
<tr><td>17</td><td>G</td><td>W</td></tr>
</table>

Women 50% = 9 (including SCW), SC = 2 (including one SCW), ST= Nil

*2020-ലെ സ്ത്രീ സംവരണ നിയോജകമണ്ഡലങ്ങളും 2015-ലും 2020-ലും തുടർച്ചയായി സംവരണം വന്ന നിയോജകമണ്ഡലങ്ങളും 2020-ലെ എസ്.സി./എസ്.റ്റി നിയോജകമണ്ഡലങ്ങളും യഥാക്രമം (എ) മുതൽ (ഡി) വരെ രേഖപ്പെടുത്തുക.

നറുക്കെടുപ്പിന് മുൻപ് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മേൽ വിവരങ്ങൾ ഉൾപ്പെടുത്തി ചുവടെയുള്ള പട്ടിക എ യുടെ കോളങ്ങൾ 1,2,3,4 പൂരിപ്പിക്കേണ്ടതാണ് . അതിനുശേഷം പട്ടിക എ യിലെ അതത് കോളങ്ങളിൽ പറയുന്ന പ്രകാരം നിയോജകമണ്ഡലങ്ങളെ ഒഴിവാക്കിയും നറുക്കെടുപ്പ് നടത്തിയും വരുന്ന തിരഞ്ഞെടുപ്പിലെ സംവരണ നിയോജകമണ്ഡലങ്ങളെ കണ്ടെത്താവുന്നതാണ്.

## പട്ടിക-എ

### സ്ഥാനങ്ങളുടെ ആകെ എണ്ണത്തിൽ മാറ്റമില്ലാതെ തുടരുന്ന തദ്ദേശസ്ഥാപനത്തിൽ സംവരണ മണ്ഡലങ്ങൾ നിശ്ചയിക്കുന്ന വിധം

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|
| നിയോജകമണ്ഡലം | 2015 -ലെ സംവരണ വിവരം | 2020 -ലെ സംവരണ വിവരം | 2025-ലെ തിരഞ്ഞെടുപ്പിൽ സംവരണത്തിൽ നിന്നും ആദ്യം ഒഴിവാക്കേണ്ട നിയോജക മണ്ഡലങ്ങൾ * | 2025-ലെ തിരഞ്ഞെടുപ്പിൽ 50% സ്ത്രീ സംവരണത്തിന് ആദ്യം കണ്ടെത്തിയ നിയോജകമണ്ഡലങ്ങൾ ** | കോളം 5 പ്രകാരം 50% സ്ത്രീ സംവരണംനൽകുന്നതിന് അധികമായി കണ്ടെത്തിയ നിയോജക മണ്ഡലങ്ങൾ | പട്ടിക ജാതി സ്ത്രീ സംവരണം- ഇത് കണ്ടെത്തുന്നതിന് കോളം 5+6 ൽ നിന്ന് കോളം 4(ബി) യും 4 (സി) യും ഒഴിവാക്കിയതിന് ശേഷമുള്ളവയിൽ നിന്ന് നറുക്കെടുപ്പ് | പട്ടിക വർഗ്ഗ സ്ത്രീ സംവരണം ഇത് കണ്ടെത്തുന്നതിന് കോളം 5+6 ൽ നിന്ന് കോളം 4(ബി) യും 4 (ഡി) യും ഒഴിവാക്കിയതിന് ശേഷമുള്ളവയിൽ നിന്നുള്ള നറുക്കെടുപ്പ് | പട്ടിക ജാതി സംവരണം- ഇത് കണ്ടെത്തുന്നതിന് കോളം 4 (എ) യിൽ നിന്ന് 4(ബി) യും 4 (സി) യും ഒഴിവാക്കിയതിന് ശേഷമുള്ളവയിൽ നിന്നുള്ള നറുക്കെടുപ്പ് | പട്ടിക വർഗ്ഗ സംവരണം ഇത് കണ്ടെത്തുന്നതിന് കോളം 4(എ) ൽ നിന്ന് കോളം 4(ബി) യും 4 (ഡി) യും ഒഴിവാക്കിയതിന് ശേഷമുള്ളവയിൽ നിന്നുള്ള നറുക്കെടുപ്പ് |
| 1 | G | W | (എ) സ്ത്രീ സംവരണത്തിൽ നിന്ന് ഒഴിവാക്കേണ്ടവ<br>1,6,7,8,9,10,12,15, 17<br>(ബി) 2015-ലും 2020 ലും തുടർച്ചയായി സംവരണം വന്നതിനാൽ 2025- ൽ സംവരണത്തിൽ നിന്നും പൂർണ്ണമായും ഒഴിവാക്കേണ്ട നിയജകമണ്ഡലങ്ങൾ***<br>6<br>12<br>13<br>(സി) SC സംവരണത്തിൽ നിന്നും ഒഴിവാക്കേണ്ടവ<br>(i) SC W- 6<br>(ii) SC-13<br>(ഡി) ST സംവരണത്തിൽ നിന്നും ഒഴിവാക്കേണ്ടവ<br>(i) ST W-0<br>(ii) ST-0 | 2<br>3<br>4<br>5<br>11<br>14<br>16 | (എ) കോളം 4(സി)<br>(ii)കോളം 4(ഡി)(ii)<br>എന്നിവയിൽ നിന്ന് കോളം 4 (ബി) ഒഴിവാക്കി നറുക്കെടുപ്പ്<br>0<br>(ബി) സ്ത്രീ സംവരണത്തിന് ഇനിയും അധികമായി കണ്ടെത്തേണ്ട നിയോജക മണ്ഡലങ്ങൾ കോളം 4(എ) യിൽ നിന്നും 4(ബി) ഒഴിവാക്കി നറുക്കെടുപ്പ്<br>1<br>7 | 3 | Nil | 8 | Nil |
| 2 | SC | G | | | | | | | |
| 3 | W | G | | | | | | | |
| 4 | W | G | | | | | | | |
| 5 | W | G | | | | | | | |
| 6 | W | SCW | | | | | | | |
| 7 | G | W | | | | | | | |
| 8 | G | W | | | | | | | |
| 9 | G | W | | | | | | | |
| 10 | G | W | | | | | | | |
| 11 | SCW | G | | | | | | | |
| 12 | W | W | | | | | | | |
| 13 | W | SC | | | | | | | |
| 14 | W | G | | | | | | | |
| 15 | G | W | | | | | | | |
| 16 | W | G | | | | | | | |
| 17 | G | W | | | | | | | |

NB:-ഓരോ നറുക്കെടുപ്പിന് ശേഷവും അതത് സംഗതി പോലെ കോളം 4 ലേയും കോളം 5 ലേയും നറുക്കെടുക്കപ്പെട്ട നമ്പരുകൾ വെട്ടിക്കളയുക

* 2020 ലെ സ്ത്രീ സംവരണ നിയോജകമണ്ഡലങ്ങളും 2015 ലും 2020 ലും തുടർച്ചയായി സംവരണം വന്ന നിയോജകമണ്ഡലങ്ങളും 2020 ലെ SC/ST നിയോജകമണ്ഡലങ്ങളും യഥാക്രമം (എ) മുതൽ (ഡി) വരെ രേഖപ്പെടുത്തുക

** 2020 ലെ ജനറൽ നിയോജകമണ്ഡലങ്ങൾ

*** അനുബന്ധം R- 1 ന്റെ കോളം (4) ൽ രേഖപ്പെടുത്തിയത് പ്രകാരം

**പട്ടിക എ(1)**

പട്ടിക-എ പ്രകാരം 2025-ലേക്ക് നിശ്ചയിച്ച സംവരണ മണ്ഡലങ്ങൾ

| **സ്ത്രീ സംവരണ നിയോജക മണ്ഡലങ്ങൾ** | | | **മറ്റ് നിയോജക മണ്ഡലങ്ങൾ** | | |
|---|---|---|---|---|---|
| W<br>Col.5+6 | SCW<br>Col.7 | STW<br>Col.8 | SC<br>Col..9 | ST<br>Col.10 | G<br>Col.4 (എ)യിൽ നിന്നും Col.6,9,10 ഒഴികെയുള്ളവയും 4(ബി)യും |
| 1<br>2<br>3<br>4<br>5<br>7<br>11<br>14<br>16 | 3 | 0 | 8 | 0 | 6<br>9<br>10<br>12<br>15<br>17<br>13 |

ബി. **<u>നിലവിലുള്ള നിയോജകമണ്ഡലങ്ങളുടെ എണ്ണത്തിൽ മാറ്റം വരുകയും അതിൻ പ്രകാരം ഡീലിമിറ്റേഷനിലൂടെ നിയോജക മണ്ഡലങ്ങൾ പുനർ രൂപീകരിക്കുകയും ചെയ്ത തദ്ദേശസ്ഥാപന ങ്ങളിൽ സംവരണ മണ്ഡലങ്ങൾ നിശ്ചയിക്കുന്നതിനുള്ള നടപടിക്രമങ്ങൾ</u>**

(i) ഇതിലേക്ക്, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ നിലവിലുള്ള സംവരണ നിയോജകമണ്ഡലത്തിന്റെ 50% ൽ കൂടുതൽ ജനസംഖ്യ ഉൾക്കൊള്ളുന്ന പുതിയ നിയോജകമണ്ഡലത്തിന്റെ വിവരം തദ്ദേശസ്ഥാപനത്തിലെ സെക്രട്ടറിയിൽ നിന്നും അനുബന്ധം R-II ൽ ശേഖരിക്കണം.

(ii) നിലവിലുള്ള സംവരണ നിയോജകമണ്ഡലത്തിന്റെ 50% ൽ കൂടുതൽ ജനസംഖ്യ ഉൾക്കൊണ്ട പുതിയ നിയോജകമണ്ഡല ത്തെ (അനുബന്ധം R-II കോളം-7) നിലവിലുള്ള സംവരണ നിയോജക മണ്ഡലമായി കണക്കാക്കേണ്ടതും എന്നാൽ നിലവിലുള്ള സംവരണ നിയോജകമണ്ഡലത്തിന്റെ 50% ൽ താഴെ ജനസംഖ്യ ഉൾക്കൊള്ളുന്ന നിയോജകമണ്ഡലത്തെ നിലവിലുള്ള സംവരണ നിയോജകമണ്ഡലമായി കണക്കാ ക്കാൻ പാടില്ലാത്തതുമാണ്.

(iii) ഒരു തദ്ദേശസ്ഥാപനത്തിലെ 50% മണ്ഡലങ്ങൾ സ്ത്രീ സംവരണ മണ്ഡലങ്ങളായി വരുമ്പോൾ നിലവിലെ എല്ലാ സ്ത്രീസംവരണ മണ്ഡലങ്ങളും വരുന്ന തിരഞ്ഞെടുപ്പിലെ സംവരണത്തിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ല. എന്നാൽ തന്നെയും ഒരു തദ്ദേശ സ്ഥാപനത്തിലെ ഏതെങ്കിലും നിയോജകമണ്ഡലം തുടർച്ചയായി ഒരു വിഭാഗത്തിന് തന്നെ സംവരണം ചെയ്യപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ അപ്രകാരം കഴിഞ്ഞില്ലെങ്കിൽ തന്നെയും ഒരു തദ്ദേശസ്ഥാപനത്തിലെ ഒരു നിയോജക മണ്ഡലവും രണ്ടിൽ കൂടുതൽ തവണ തുടർച്ചയായി സംവരണം ചെയ്യപ്പെടാതെയിരിക്കുന്ന രീതിയിൽ വേണം ആവർത്തന ക്രമം പാലിച്ച് നറുക്കെടുപ്പ് നടത്തേണ്ടത്.

(iv) മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ ഡീലിമിറ്റേഷനിലൂടെ നിലവിലുള്ള നിയോജകമണ്ഡലങ്ങൾ പുനർരൂപീകരിച്ച തദ്ദേശസ്ഥാപനത്തെ സംബന്ധിച്ച് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് എപ്രകാരം പ്രാവർത്തികമാക്കാമെന്നത് താഴെപ്പറയുന്ന ഉദാഹരണ ത്തിലൂടെ വ്യക്തമാക്കാം.

ഉദാഹരണം :

നിലവിൽ 15 നിയോജകമണ്ഡലങ്ങൾ ഉള്ള Y പഞ്ചായത്ത്-ഡീലിമിറ്റേഷന് ശേഷം സർക്കാർ വിജ്ഞാപനം ചെയ്ത സ്ഥാനങ്ങൾ

| W | SCW | STW |
|---|---|---|
| 7 | 1 | 0 |

| SC | ST | G | TOTAL |
|---|---|---|---|
| 1 | 1 | 6 | 16 |

നറുക്കെടുപ്പിനു മുൻപ് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് തദ്ദേശസ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്നും അനുബന്ധം R–II ൽ ലഭിച്ച നിയോജകമണ്ഡലങ്ങളിലെ നിലവിലെ സംവരണ വിവരവും വിശദാംശങ്ങളും ചുവടെ പട്ടിക ബി യുടെ കോളം 1 മുതൽ 5 വരെ കൃത്യമായി ചേർക്കാവുന്നതാണ്. തുടർന്ന് കോളം 6 മുതൽ 11വരെയുള്ള സ്ഥാനങ്ങളിലേക്ക് ഒന്നൊന്നായി അതത് കോളങ്ങളിലെ നിർദ്ദേശപ്രകാരം നറുക്കെടുപ്പ് നടത്താവുന്നതാണ്.

പട്ടിക - ബി

നിലവിലുള്ള നിയോജകമണ്ഡലങ്ങളുടെ ആകെ എണ്ണത്തിൽ മാറ്റം വരുകയും അതിൻപ്രകാരം ഡിലിമിറ്റേഷനിലൂടെ നിയോജകമണ്ഡലങ്ങൾ പുനർരൂപീകരിക്കുകയും ചെയ്ത തദ്ദേശസ്ഥാപനത്തിൽ സംവരണ മണ്ഡലങ്ങൾ നിശ്ചയിക്കുന്ന വിധം

തദ്ദേശ സ്ഥാപനത്തിന്റെ പേര് ........................................................................ ജില്ല.........................................

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|
| നിയോജകമണ്ഡലം | 2015-ലെ സംവരണ വിവരം. * | പുനർരൂപീകരിച്ച നിയോജകമണ്ഡലങ്ങളിലെ സംവരണ വിവരം ** | ഡിലിമിറ്റേഷന് ശേഷം നിലവിലെ സംവരണ നിയോജകമണ്ഡലമായി കണക്കാക്കി നറുക്കെടുപ്പിൽ നിന്നും ഒഴിവാക്കപ്പെട്ട പുതിയ നിയോജകമണ്ഡലങ്ങൾ *** | ഡിലിമിറ്റേഷന് ശേഷംപുനർരൂപീകരിച്ച നിയോജക മണ്ഡലങ്ങളുടെ നമ്പരും പേരും | 2025-ലെ സ്ത്രീ സംവരണ നിയോജകമണ്ഡലങ്ങൾ (കോളം 5-ൽ നിന്നും കോളം 4 ഒഴിവാക്കിയതിന് ശേഷമുള്ളവയിൽ നിന്നുള്ള നറുക്കെടുപ്പ്) | (ബാധകമായിടത്ത് മാത്രം) കോളം 5 പ്രകാരം 50% സ്ത്രീ സംവരണം നൽകുന്നതിന് അധികമായി കണ്ടെത്തിയ നിയോജകമണ്ഡലങ്ങൾ | പട്ടികജാതി സ്ത്രീ സംവരണ മണ്ഡലം-1 ഇത് കണ്ടെത്തുന്നതിന് കോളം 6+7-ൽ നിന്നും 4(സി) ഒഴിവാക്കിയ ശേഷമുള്ളവയിൽ നിന്നുള്ള നറുക്കെടുപ്പ് | പട്ടിക വർഗ്ഗ സ്ത്രീ സംവരണ മണ്ഡലം-0 ഇത് കണ്ടെത്തുന്നതിന് കോളം 6+7-. നിന്നും കോളം 4(ഡി) ഒഴിവാക്കിയ ശേഷമുള്ളവയിൽ നിന്നുള്ള നറുക്കെടുപ്പ് | പട്ടികജാതി സംവരണ മണ്ഡലം-1 ഇത് കണ്ടെത്തുന്നതിന് കോളം 5 ൽ നിന്ന് കോളം 6 ഉം 4(ബി)യും 4 (സി)യും ഒഴിവാക്കിയതിന് ശേഷമുള്ളവയിൽ നിന്നുള്ള നറുക്കെടുപ്പ് | പട്ടികവർഗ്ഗ സംവരണ മണ്ഡലം ഇത് കണ്ടെത്തുന്നതിന് കോളം 5-ൽ നിന്ന് കോളം 6 ഉം 4(ബി) 4 (ഡി) എന്നിവ ഒഴിവാക്കിയതിന് ശേഷമുള്ളവയിൽ നിന്നുള്ള നറുക്കെടുപ്പ് |
| 1<br>2<br>3<br>4<br>5<br>6<br>7<br>8<br>9<br>10<br>11<br>12<br>13<br>14<br>15 | SCW<br>G<br>G<br>G<br>W<br>G<br>W<br>G<br>W<br>W<br>SC<br>W<br>ST<br>W<br>W | G<br>SCW<br>G<br>G<br>G<br>SC<br>W<br>G<br>G<br>G<br>G<br>G<br>G<br>G<br>ST<br>G | (എ) സ്ത്രീ സംവരണത്തിൽ നിന്ന് ഒഴിവാക്കേണ്ടവ<br>2<br>7<br>(ബി) 2015-ലും 2020-ലും തുടർച്ചയായി സംവരണം വന്നതിനാൽ 2025-ൽ സംവരണത്തിൽ നിന്നും പൂർണ്ണമായും ഒഴിവാക്കേണ്ട<br>7,15<br>സി) SC സംവരണത്തിൽ നിന്നും ഒഴിവാക്കേണ്ടവ<br>(i)SCW-2<br>(ii)SC-6<br>(ഡി)STസംവരണത്തിൽ നിന്നും ഒഴിവാക്കേണ്ടവ<br>(i)STW-0<br>(ii)ST-15 | 1<br>2<br>3<br>4<br>5<br>6<br>7<br>8<br>9<br>10<br>11<br>12<br>13<br>14<br>15<br>16 | 1<br>3<br>4<br>5<br>9<br>11<br>12<br>13 | (എ) കോളം 4(സി) (ii), കോളം (ഡി)(ii) എന്നിവയിൽ നിന്ന് കോളം 4 (ബി) ഒഴിവാക്കി നറുക്കെടുപ്പ്<br>0<br>(ബി) സ്ത്രീ സംവരണത്തിന് ഇനിയും അധികമായി കണ്ടെത്തേണ്ട നിയോജകമണ്ഡലങ്ങൾ കോളം 4 (എ) യിൽ നിന്ന് കോളം 4(ബി) ഒഴിവാക്കി നറുക്കെടുപ്പ്)<br>0 | 9 | 0 | 10 | 14 |

NB:-ഓരോനറുക്കെടുപ്പിന്ശേഷവും അതതു സംഗതി പോലെ കോളം 4, 6, 7 ലെ നറുക്കെടുക്കപ്പെട്ട നമ്പരുകൾ വെട്ടിക്കളയുക.

* അനുബന്ധം R-II കോളം 8 പ്രകാരം

** അനുബന്ധം R-II കോളം 7 പ്രകാരം

*** അനുബന്ധം R-II കോളം 7 പ്രകാരം 2020 ലെ സ്ത്രീ സംവരണ മണ്ഡലങ്ങളായി കണക്കാക്കപ്പെടുന്ന മണ്ഡലങ്ങളും 2015 ലും 2020 ലും തുടർച്ചയായി സംവരണം വന്ന മണ്ഡലങ്ങളായി കണക്കാക്കപ്പെടുന്ന മണ്ഡലങ്ങളും 2020 ലെ - SC/STസംവരണ മണ്ഡലങ്ങളായി കണക്കാക്കപ്പെടുന്ന മണ്ഡലങ്ങളും യഥാക്രമം (എ) മുതൽ (ഡി) വരെ രേഖപ്പെടുത്തുക

## പട്ടിക -ബി (1)

### പട്ടിക-ബി പ്രകാരം നിശ്ചയിച്ച സംവരണ മണ്ഡലങ്ങൾ

| സ്ത്രീ സംവരണ നിയോജക മണ്ഡലങ്ങൾ | | | മറ്റ് നിയോജക മണ്ഡലങ്ങൾ | | |
|---|---|---|---|---|---|
| W | SCW | STW | SC | ST | G |
| Col.6 | Col.8 | Col.9 | Col.10 | Col.11 | Col.5-ൽ നിന്നും കോളം 6,7,8,9,10,11 എന്നിവ ഒഴിവാക്കിയതിന് ശേഷമുള്ളവ |
| 1<br>3<br>4<br>5<br>9<br>11<br>12<br>13 | 9 | 0 | 10 | 14 | 2<br>6<br>7<br>8<br>15<br>16 |

### <u>നറുക്കെടുപ്പ് നടത്തേണ്ട രീതി</u>

നറുക്കെടുപ്പിന് ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നതിലും നിലവിലെ സംവരണ മണ്ഡലങ്ങൾ ഒഴിവാക്കി വരുന്ന തിരഞ്ഞെടുപ്പിലെ സംവരണ മണ്ഡലങ്ങൾ കണ്ടെത്തുന്നതിനും ശേഷിച്ച സംവരണ മണ്ഡലങ്ങൾ നറുക്കെടുപ്പിലൂടെ കണ്ടെത്തുന്നതിനും നറുക്കെടുപ്പിന്റെ പുരോഗതി രേഖപ്പെടുത്തുന്നതിനും ഇതോടൊപ്പം അനുബന്ധം R-III ഉം R-IV ഉം ചേർത്തിട്ടുണ്ട്. നിലവിലുള്ള മണ്ഡലങ്ങളുടെ എണ്ണം വരുന്ന തിരഞ്ഞെടുപ്പിലും മാറ്റമില്ലാതെ തുടരുന്ന തദ്ദേശസ്ഥാപനത്തിലെ സംവരണ മണ്ഡലങ്ങൾ നിശ്ചയിക്കുന്നതിന് അനുബന്ധം R-III ഉം ഡീലിമിറ്റേഷനിലൂടെ നിലവിലുള്ള നിയോജകമണ്ഡലങ്ങൾ പുനർരൂപീകരിച്ച തദ്ദേശസ്ഥാപനത്തിലെ സംവരണമണ്ഡലങ്ങൾ നിശ്ചയിക്കുന്നതിന് അനുബന്ധം R-IV ഉം മാതൃകയിൽ ഓരോ തദ്ദേശസ്ഥാപനത്തിനും വേണ്ടി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

മുകളിൽ എ,ബി ഖണ്ഡികകളിലെ എ, ബി പട്ടികകളുടെ മാതൃകകൾ പരിശോധിച്ച് യഥാക്രമം അനുബന്ധം R–IIIലും R–IVലും നറുക്കെടുപ്പിന് മുൻപും നറുക്കെടുപ്പ് വേളയിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തുന്നത് സംവരണ മണ്ഡലങ്ങൾ കണ്ടെത്തുന്നതിന് സഹായകരമാണ്. താഴെയുള്ള നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക.

- ❖ അനുബന്ധം R–III ൽ കോളം 1 മുതൽ 4 വരെയും അനുബന്ധം R–IV ൽ 1 മുതൽ 5 വരെയുമുള്ള കോളങ്ങളിലെ വിവരങ്ങൾ യഥാക്രമം അനുബന്ധം R–I, R–IIഎന്നിവ പ്രകാരം നറുക്കെടുപ്പിനു മുൻപേ തന്നെ തയ്യാറാക്കി വയ്ക്കാവുന്നതാണ്.
- ❖ സ്ത്രീ, പട്ടികജാതി സ്ത്രീ, പട്ടികവർഗ്ഗ സ്ത്രീ, പട്ടികജാതി, പട്ടികവർഗ്ഗം എന്നീ ക്രമത്തിലാണ് നറുക്കെടുപ്പ് നടത്തേണ്ടത്.
- ❖ നറുക്കെടുപ്പ് നടത്തുമ്പോൾ മേൽപ്പറഞ്ഞ ഏത് സംവരണ സ്ഥാനത്തേക്കാണ് നറുക്കെടുപ്പ് നടത്തുന്നതെന്നും പ്രസ്തുത നറുക്കെടുപ്പിൽ ഏതൊക്കെ നിയോജകമണ്ഡലങ്ങളെ ഉൾപ്പെടുത്താമെന്നും ഏതൊക്കെ നിയോജക മണ്ഡലങ്ങളെ ഒഴിവാക്കാമെന്നും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
- ❖ നറുക്കെടുപ്പിന് മുന്നോടിയായി ഒരോ നറുക്കെടുപ്പിലും ഉൾപ്പെടുത്തേണ്ട നിയോജകമണ്ഡലങ്ങളുടെ നമ്പരും പേരും ഒരേ വലിപ്പവും നിറവുമുള്ള കടലാസിൽ ഓരോന്നായി എഴുതണം. അവ ഉറക്കെ വായിച്ചശേഷം ഒരുപോലെ വെവ്വേറെ ചുരുട്ടി അടപ്പുള്ള ഒരു ടിന്നിലോ പാത്രത്തിലോ ഇട്ട് അടക്കണം.
- ❖ പാത്രം നല്ലപോലെ കുലുക്കിയതിനുശേഷം ഏതു വിഭാഗം സംവരണസ്ഥാനത്തേക്കാണോ നറുക്കെടുപ്പ് നടത്തുന്നതെന്ന് ഉച്ചത്തിൽ അറിയിച്ചശേഷം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ തന്നെ നറുക്കെടുത്ത് നിയോജകമണ്ഡലത്തിന്റെ നമ്പരും പേരും ഉച്ചത്തിൽ പ്രഖ്യാപിക്കണം.
- ❖ അതിനുശേഷം ആ വിവരം രജിസ്റ്ററിലും അതത് സംഗതിപോലെ അനുബന്ധം R–III ന്റെയോ അനുബന്ധം R–IVന്റെയോ പ്രസക്തമായ കോളത്തിൽ എഴുതിച്ചേർക്കുകയും വേണം.
- ❖ അതിനുശേഷം അടുത്ത നറുക്കെടുപ്പിൽ ഈ മണ്ഡലത്തെ ഒഴിവാക്കി നറുക്കെടുപ്പ് നടത്തുന്നതിനായി അതത് സംഗതിപോലെ, അനുബന്ധം R–III ന്റെ കോളം 4 ലും 5 ലും അനുബന്ധം R–IV ന്റെ കോളം 4 ലും 6 ലും ഈ മണ്ഡലത്തിന്റെ നമ്പർ വെട്ടിക്കളയേണ്ടതുമാണ്. അതുപോലെ തന്നെ ഒരോ സംവരണ വിഭാഗത്തിന്റെ നറുക്കെടുപ്പിനും മുന്നോടിയായി പ്രസ്തുത നറുക്കെടുപ്പിൽ നിന്നും ഒഴിവാക്കേണ്ട മണ്ഡലങ്ങളുടെ വിവരം

പ്രസ്തുത അനുബന്ധങ്ങളുടെ കോളം 4 ൽ സൂചിപ്പിച്ചിട്ടുള്ളതും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കോളം 4 (ബി)-ൽ 2 തവണ തുടർച്ചയായി  സംവരണമായിരുന്ന നിയോജകമണ്ഡലങ്ങളാണ് കാണിച്ചിട്ടുള്ളത്. ഇവ 2025 ലെ തിരഞ്ഞെടുപ്പിൽ സംവരണത്തിൽ നിന്നും പൂർണ്ണമായും ഒഴിവാക്കണം.

- ❖ എല്ലാ സംവരണ മണ്ഡലങ്ങളും നിശ്ചയിക്കുന്നതുവരെ നറുക്കെടുപ്പ് തുടരണം.
- ❖ നറുക്കെടുപ്പ് പൂർത്തിയായി രജിസ്റ്ററിൽ എഴുതിച്ചേർത്തശേഷം ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ/ജില്ലയിലെ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ/തദ്ദേശ സ്വയംഭരണ ഡയറക്ടർ (അർബൻ) പ്രസ്തുത രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തേണ്ട താണ്.

ഒരു ദിവസത്തെ നറുക്കെടുപ്പ് പൂർത്തിയായിക്കഴിഞ്ഞാൽ അന്ന് നറുക്കെടുപ്പ് നടത്തിയ പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിൽ സ്ത്രീ സംവരണം, പട്ടികജാതി സ്ത്രീസംവരണം, പട്ടികവർഗ്ഗ സ്ത്രീസംവരണം, പട്ടികജാതിസംവരണം, പട്ടികവർഗ്ഗസംവരണം, **സംവരണമില്ലാത്തവ** എന്നീ നിയോജകമണ്ഡലങ്ങൾ ഏതൊക്കെയാണെന്ന് നിശ്ചയിച്ചു കൊണ്ടുള്ള ഒരു ഉത്തരവും പുറപ്പെടുവിക്കണം. (പട്ടിക എ(1) പട്ടിക ബി(1) കാണുക) ഉത്തരവ് അന്നു തന്നെ പ്രസിദ്ധീകരിക്കുകയും പകർപ്പ് അന്ന് തന്നെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് അയച്ചു തരികയും വേണം. ഉത്തരവിന്റെ മാതൃക ഇതോടൊപ്പം അനുബന്ധം R-V മുതൽ R-VII വരെ ആയി ചേർത്തിട്ടുണ്ട്.

## അനുബന്ധം R-1
## നിലവിലുള്ള സംവരണ വിവരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഫോറം

(ഡീലിമിറ്റേഷൻ ബാധകമല്ലാത്ത/ ഡീലിമിറ്റേഷനു ശേഷം നിലവിലുള്ള നിയോജകമണ്ഡലങ്ങളുടെ എണ്ണം മാറ്റമില്ലാതെ തുടരുന്ന തദ്ദേശസ്ഥാപനങ്ങളുടെ കാര്യത്തിൽ)

**ജില്ലയുടെ പേര്.........................................................................................**

***ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത്/മുനിസിപ്പൽ കൗൺസിൽ/ മുനിസിപ്പൽ കോർപ്പറേഷൻ...............................................................**

**അംഗസംഖ്യ:**

| ക്രമ നം. | തദ്ദേശ സ്ഥാപനത്തിലെ നിലവിലുള്ള നിയോജക മണ്ഡലത്തിന്റെ നമ്പരും പേരും | ഓരോ നിയോജക മണ്ഡലവും നിലവിൽ ഏത് വിഭാഗത്തിനാണ് സംവരണം ചെയ്തിട്ടുള്ളത് എന്ന് ** | | 2015 ലും 2020 ലും തുടർച്ചയായി സംവരണം വന്ന നിയോജക മണ്ഡലങ്ങൾ*** |
|---|---|---|---|---|
| (1) | (2) | (3) | | (4) |
| | | (a) 2015 | (b) 2020 | |
| | | | | |

*ബാധകമല്ലാത്തത് വെട്ടിക്കളയുക
**സ്ത്രീ സംവരണം, പട്ടികജാതിസ്ത്രീ സംവരണം, പട്ടികവർഗ്ഗ സ്ത്രീ, പട്ടികജാതിസംവരണം, പട്ടികവർഗ്ഗ സംവരണം ഇവയിലേതെന്ന് വ്യക്തമാക്കുക
***2015 ലും, നിലവിലും സംവരണം തുടർച്ചയായി വന്ന നിയോജകമണ്ഡലം 2025-ൽ സംവരണത്തിൽ നിന്നും ഒഴിവാക്കേണ്ടതാണ്

**തീയതി:**

(ഒപ്പ്)
സെക്രട്ടറി

## അനുബന്ധം R-II

നിലവിലുള്ള നിയോജകമണ്ഡലങ്ങളുടെ ആകെ എണ്ണത്തിൽ മാറ്റം വരുകയും അതിൻ പ്രകാരം ഡിലിമിറ്റേഷനിലൂടെ നിയോജക മണ്ഡലങ്ങൾ രൂപീകരിക്കുകയും ചെയ്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ നിലവിലുള്ള സംവരണവിവരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഫാറം

ജില്ലയുടെ പേര്:.....................................................

ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത്/മുനിസിപ്പൽകൗൺസിൽ/മുനിസിപ്പൽകോർപ്പറേഷൻ * ....................................

നിലവിലുള്ള അംഗസംഖ്യ:

| പുതുതായി രൂപീകരിച്ച മുഴുവൻ നിയോജകമണ്ഡലങ്ങളുടെയും നമ്പരും പേരും ക്രമത്തിൽ | നിലവിലുള്ള സംവരണ നിയോജകമണ്ഡലങ്ങളുടെ നമ്പരും പേരും | നിലവിലുള്ള സംവരണ നിയോജകമണ്ഡലം ഏത് വിഭാഗത്തിനാണ് സംവരണം ചെയ്തിട്ടുള്ളത് ** | നിലവിലുള്ള ഓരോ സംവരണ നിയോജകമണ്ഡലത്തിലെയും തിട്ടപ്പെടുത്തിയ ജനസംഖ്യ | നിലവിലെ സംവരണ നിയോജകമണ്ഡലത്തിലെ തിട്ടപ്പെടുത്തിയ ജനസംഖ്യ ഉൾക്കൊള്ളുന്ന പുതിയ നിയോജക മണ്ഡലങ്ങളുടെനമ്പരും പേരും ജനസംഖ്യയും | | കോളം (6) പ്രകാരം 50% ൽ കൂടുതൽ ജനസംഖ്യ ഉൾക്കൊള്ളുന്ന കോളം (5) ലെ നിയോജകമണ്ഡലങ്ങളുടെ നമ്പരും പേരും സംവരണ വിവരവും** (ഇവയെയാണ് 2025 ലെ തിരഞ്ഞെടുപ്പിൽ നിലവിലുള്ള സംവരണ നിയോജകമണ്ഡലങ്ങളായി കണക്കാക്കുന്നത്) | കോളം(7) പ്രകാരമുള്ള നിലവിലെ സംവരണ നിയോജകമണ്ഡലത്തിലെ 2015-ലെ സംവരണ വിവരം *** |
|---|---|---|---|---|---|---|---|
| | | | | പുതിയ നിയോജക മണ്ഡലങ്ങളുടെ നമ്പരും പേരും | ഓരോ നിയോജക മണ്ഡലത്തിലേയും ജനസംഖ്യ ശതമാനം | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| | | | | | | | |

* ബാധകമല്ലാത്തത് വെട്ടിക്കളയുക

** സ്ത്രീസംവരണം, പട്ടികജാതി സ്ത്രീ സംവരണം, പട്ടികവർഗ്ഗ സ്ത്രീ സംവരണം, പട്ടികജാതി സംവരണം, പട്ടികവർഗ്ഗ സംവരണം ഇവയിലേതെന്ന് വ്യക്തമാക്കുക

*** 2015ലും , നിലവിലും സംവരണം തുടർച്ചയായി വന്ന നിയോജകമണ്ഡലം 2025-ൽ സംവരണത്തിൽ നിന്നും ഒഴിവാക്കേണ്ടതാണ്

തീയതി:

(ഒപ്പ്)
സെക്രട്ടറി

## അനുബന്ധം R-III

സ്ഥാനങ്ങളുടെ എണ്ണം മാറ്റമില്ലാതെ തുടരുന്ന തദ്ദേശസ്ഥാപനത്തിൽ സംവരണ മണ്ഡലങ്ങൾ നിശ്ചയിക്കുന്ന വിധം (പട്ടിക എ കാണുക)

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|
| നിയോജകമണ്ഡലം | 2015 -ലെ സംവരണ വിവരം | 2020 -ലെ സംവരണ വിവരം | 2025-ലെ തിരഞ്ഞെടുപ്പിൽ സംവരണത്തിൽ നിന്നും ആദ്യം ഒഴിവാക്കേണ്ട നിയോജക മണ്ഡലങ്ങൾ * | 2025-ലെ തിരഞ്ഞെടുപ്പിൽ 50% സ്ത്രീ സംവരണത്തിന് ആദ്യം കണ്ടെത്തിയ നിയോജക മണ്ഡലങ്ങൾ ** | കോളം 5 പ്രകാരം 50% സ്ത്രീ സംവരണം നൽകുന്നതിന് അധികമായി കണ്ടെത്തിയ നിയോജക മണ്ഡലങ്ങൾ | പട്ടിക ജാതി സ്ത്രീ സംവരണം- ഇത് കണ്ടെത്തുന്നതിന് കോളം 5+6 ൽ നിന്ന് കോളം 4(ബി) യും 4 (സി) യും ഒഴിവാക്കിയതിന് ശേഷമുള്ളവയിൽ നിന്ന് നറുക്കെടുപ്പ് | പട്ടിക വർഗ്ഗ സ്ത്രീ സംവരണം - ഇത് കണ്ടെത്തുന്നതിന് കോളം 5+6 ൽ നിന്ന് കോളം 4(ബി) യും 4 (ഡി) യും ഒഴിവാക്കിയതിന് ശേഷമുള്ളവയിൽ നിന്നുള്ള നറുക്കെടുപ്പ് | പട്ടിക ജാതി സംവരണം- ഇത് കണ്ടെത്തുന്നതിന് കോളം 4 (എ) യിൽ നിന്ന് 4(ബി) യും 4 (സി) യും ഒഴിവാക്കിയതിന് ശേഷമുള്ളവയിൽ നിന്നുള്ള നറുക്കെടുപ്പ് | പട്ടിക വർഗ്ഗ സംവരണം ഇത് കണ്ടെത്തുന്നതിന് കോളം 4(എ) ൽ നിന്ന് കോളം 4(ബി) യും 4 (ഡി) യും ഒഴിവാക്കിയതിന് ശേഷമുള്ളവയിൽ നിന്നുള്ള നറുക്കെടുപ്പ് |
| | | | (എ) സ്ത്രീ സംവരണത്തിൽ നിന്ന് ഒഴിവാക്കേണ്ടവ<br>(ബി) 2015-ലും 2020 ലും തുടർച്ചയായി സംവരണം വന്നതിനാൽ 2025- ൽ സംവരണത്തിൽ നിന്നും പൂർണ്ണമായും ഒഴിവാക്കേണ്ട നിയോജക മണ്ഡലങ്ങൾ ***<br>(സി) SC സംവരണത്തിൽ നിന്നും ഒഴിവാക്കേണ്ടവ<br>(i) SC W-<br>(ii) SC-<br>(ഡി) ST സംവരണത്തിൽ നിന്നും ഒഴിവാക്കേണ്ടവ<br>(I) ST W-<br>(ii) ST - | | (എ) കോളം 4(സി) (ii)കോളം 4(ഡി)(ii) എന്നിവയിൽ നിന്ന് കോളം 4 (ബി) ഒഴിവാക്കി നറുക്കെടുപ്പ്<br><br>(ബി) സ്ത്രീ സംവരണത്തിന് ഇനിയും അധികമായി കണ്ടെത്തേണ്ട നിയോജക മണ്ഡലങ്ങൾ കോളം 4(എ) യിൽ നിന്നും 4(ബി) ഒഴിവാക്കി നറുക്കെടുപ്പ് | | | | |

NB:-ഓരോ നറുക്കെടുപ്പിന് ശേഷവും അതത് സംഗതി പോലെ കോളം 4 ലേയും കോളം 5 ലേയും നറുക്കെടുക്കപ്പെട്ട നമ്പരുകൾ വെട്ടിക്കളയുക

* 2020 ലെ സ്ത്രീ സംവരണ നിയോജക മണ്ഡലങ്ങളും 2015 ലും 2020 ലും തുടർച്ചയായി സംവരണം വന്ന നിയോജക മണ്ഡലങ്ങളും 2020 ലെ SC/ST നിയോജക മണ്ഡലങ്ങളും യഥാക്രമം (എ) മുതൽ (ഡി) വരെ രേഖപ്പെടുത്തുക

** 2020 ലെ ജനറൽ നിയോജക മണ്ഡലങ്ങൾ

*** അനുബന്ധം R 1 ന്റെ കോളം (4) ൽ രേഖപ്പെടുത്തിയത് പ്രകാരം

## അനുബന്ധം R-IV

### നിലവിലുള്ള നിയോജകമണ്ഡലങ്ങളുടെ എണ്ണത്തിൽ മാറ്റം വരുകയും അതിൻ പ്രകാരം ഡിലിമിറ്റേഷനിലൂടെ നിയോജകമണ്ഡലങ്ങൾ പുനർരൂപീകരിക്കുകയും ചെയ്ത തദ്ദേശസ്ഥാപനത്തിൽ സംവരണ മണ്ഡലങ്ങൾ നിശ്ചയിക്കുന്ന വിധം (പട്ടിക ബി കാണുക)

തദ്ദേശ സ്ഥാപനത്തിന്റെ പേര്: ജില്ല..........................................................

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|
| നിയോജകമണ്ഡലം | 2015 - ലെ സംവരണ വിവരം.* | പുനർരൂപീകരിച്ച നിയോജകമണ്ഡലങ്ങളിലെ സംവരണ വിവരം.** | ഡിലിമിറ്റേഷന് ശേഷം നിലവിലെ സംവരണ നിയോജകമണ്ഡലമായി കണക്കാക്കി നറുക്കെടുപ്പിൽ നിന്നും ഒഴിവാക്കപ്പെട്ട പുതിയ നിയോജകമണ്ഡലങ്ങൾ *** | ഡിലിമിറ്റേഷന് ശേഷംപുനർരൂപീകരിച്ച നിയോജക മണ്ഡലങ്ങളുടെ നമ്പരും പേരും | 2025-ലെ സ്ത്രീ സംവരണ നിയോജകമണ്ഡലങ്ങൾ (കോളം 5-ൽ നിന്നും കോളം 4 ഒഴിവാക്കിയതിന് ശേഷമുള്ളവയിൽ നിന്നുള്ള നറുക്കെടുപ്പ്) | (ബാധകമായിടത്ത് മാത്രം)<br>കോളം 5 പ്രകാരം 50% സ്ത്രീ സംവരണം നൽകുന്നതിന് അധികമായി കണ്ടെത്തിയ നിയോജകമണ്ഡലങ്ങൾ | പട്ടികജാതി സ്ത്രീ സംവരണ മണ്ഡലം ഇത് കണ്ടെത്തുന്നതിന് കോളം 6+7-ൽ നിന്നും 4(സി) ഒഴിവാക്കിയ ശേഷമുള്ളവയിൽ നിന്നുള്ള നറുക്കെടുപ്പ് | പട്ടിക വർഗ്ഗ സ്ത്രീ സംവരണ മണ്ഡലം ഇത് കണ്ടെത്തുന്നതിന് കോളം 6+7-. നിന്നും കോളം 4(ഡി) ഒഴിവാക്കിയ ശേഷമുള്ളവയിൽ നിന്നുള്ള നറുക്കെടുപ്പ് | പട്ടികജാതി സംവരണ മണ്ഡലംഇത് കണ്ടെത്തുന്നതിന് കോളം 5 ൽ നിന്ന് കോളം 6 ഉം 7ഉം 4(ബി)യും 4 (സി)യും ഒഴിവാക്കിയതിന് ശേഷമുള്ളവയിൽ നിന്നുള്ള നറുക്കെടുപ്പ് | പട്ടികവർഗ്ഗ സംവരണ മണ്ഡലം ഇത് കണ്ടെത്തുന്നതിന് കോളം 5-ൽ നിന്ന് കോളം 6 ഉം 7 ഉം 4(ബി) 4 (ഡി) എന്നിവ ഒഴിവാക്കിയതിന് ശേഷമുള്ളവയിൽ നിന്നുള്ള നറുക്കെടുപ്പ് |
| | | | (എ) സ്ത്രീ സംവരണത്തിൽ നിന്ന് ഒഴിവാക്കേണ്ടവ<br>(ബി) 2015-ലും 2020-ലും തുടർച്ചയായി സംവരണം വന്നതിനാൽ 2025-ൽ സംവരണത്തിൽ നിന്നും പൂർണ്ണമായും ഒഴിവാക്കേണ്ട നിയോജകമണ്ഡലങ്ങൾ<br>സി) SC സംവരണത്തിൽ നിന്നും ഒഴിവാക്കേണ്ടവ<br>(i)SCW-<br>(ii)SC-<br>(ഡി)STസംവരണത്തിൽ നിന്നും ഒഴിവാക്കേണ്ടവ<br>(i)STW-<br>(ii)ST- | | | (എ) കോളം 4(സി)<br>(ii) കോളം 4 (ഡി) (ii) എന്നിവയിൽ നിന്ന് കോളം 4 (ബി) ഒഴിവാക്കി നറുക്കെടുപ്പ്<br>(ബി) സ്ത്രീ സംവരണത്തിന് ഇനിയും അധികമായി കണ്ടെത്തേണ്ട നിയോജകമണ്ഡലങ്ങൾ കോളം 4 (എ) യിൽ നിന്ന് കോളം 4(ബി) ഒഴിവാക്കി നറുക്കെടുപ്പ്) | | | | |

NB:-ഓരോനറുക്കെടുപ്പിന്ശേഷവും അതത് സംഗതി പോലെ കോളം 4,6,7 ലെനറുക്കെടുക്കപ്പെട്ട നമ്പരുകൾവെട്ടിക്കളയുക

* അനുബന്ധം RII കോളം 8 പ്രകാരം

** അനുബന്ധം RII കോളം7പ്രകാരം

*** അനുബന്ധം RII കോളം 7 പ്രകാരം 2020 ലെ സ്ത്രീ സംവരണ മണ്ഡലങ്ങളായി കണക്കാക്കപ്പെടുന്ന മണ്ഡലങ്ങളും 2015 ലും 2020 ലും തുടർച്ചയായി സംവരണം വന്ന മണ്ഡലങ്ങളായി കണക്കാക്കപ്പെടുന്ന മണ്ഡലങ്ങളും 2020 ലെ -SC/STസംവരണ മണ്ഡലങ്ങളായി കണക്കാക്കപ്പെടുന്ന മണ്ഡലങ്ങളും യഥാക്രമം (എ) മുതൽ (ഡി)വരെ രേഖപ്പെടുത്തുക

## അനുബന്ധം R-V

### ഉത്തരവ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 10(2 എ) വകുപ്പ് പ്രകാരം 2025 പൊതുതിരഞ്ഞെടുപ്പിനു വേണ്ടി........................................................................ ജില്ലയിലെ ...................................................................* ജില്ലാ/ ബ്ലോക്ക്/ഗ്രാമപഞ്ചായത്തിലെ സംവരണ നിയോജകമണ്ഡലങ്ങൾ താഴെ പറയുന്ന പ്രകാരം നറുക്കെടുപ്പിലൂടെ നിശ്ചയിച്ച് ഉത്തരവാകുന്നു.

| സംവരണ വിഭാഗം | സംവരണ നിയോജകമണ്ഡലത്തിന്റെ നമ്പരും പേരും |
|---|---|
| | |

*ബാധകമല്ലാത്തവ വെട്ടിക്കളയുക

ഒപ്പ്:
പേര്:
ജില്ലാ കളക്ടർ:

തീയതി :

## അനുബന്ധം R–VI

### ഉത്തരവ്

1994–ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 6(9 )–ആം വകുപ്പ് പ്രകാരം 2025–ലെ പൊതുതിരഞ്ഞെടുപ്പിനു വേണ്ടി ........................................................................ മുനിസിപ്പൽ കൗൺസിലിലെ സംവരണ നിയോജക മണ്ഡലങ്ങൾ താഴെ പറയുന്ന പ്രകാരം നറുക്കെടുപ്പിലൂടെ നിശ്ചയിച്ച് ഉത്തരവാകുന്നു.

| സംവരണ വിഭാഗം | സംവരണ നിയോജക മണ്ഡലത്തിന്റെ നമ്പരും പേരും |
|---|---|
| | |

ഒപ്പ് :
പേര് :
തദ്ദേശ സ്വയംഭരണ ജോയിന്റ് ഡയറക്ടർ

തീയതി:

.........................................ജില്ല

## അനുബന്ധം R–VII

### ഉത്തരവ്

1994–ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 6(9)–ആം വകുപ്പ് പ്രകാരം 2025–ലെപൊതുതിരഞ്ഞെടുപ്പിനു വേണ്ടി ........................................................................ മുനിസിപ്പൽ കോർപ്പറേഷനിലെ സംവരണ നിയോജക മണ്ഡലങ്ങൾ താഴെ പറയുന്ന പ്രകാരം നറുക്കെടുപ്പിലൂടെ നിശ്ചയിച്ച് ഉത്തരവാകുന്നു.

| സംവരണ വിഭാഗം | സംവരണ നിയോജക മണ്ഡലത്തിന്റെ നമ്പരും പേരും |
|---|---|
| | |

ഒപ്പ് :
പേര് :
തദ്ദേശ സ്വയംഭരണ ഡയറക്ടർ (അർബൻ) :

തീയതി :

അനുബന്ധം R–VIII

## 2025–ലെ പൊതുതിരഞ്ഞെടുപ്പിനു മുന്നോടിയായി ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളിലെ സംവരണ നിയോജകമണ്ഡലങ്ങൾ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ നറുക്കെടുപ്പിലൂടെ തീരുമാനിക്കുന്നതിനുള്ള തീയതിയും സമയവും സ്ഥലവും സംബന്ധിച്ച അറിയിപ്പ്

ജില്ല :…………………………………………………

അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ: ജില്ലാ കളക്ടർ

| A. ഗ്രാമ പഞ്ചായത്ത് | | | | B.ബ്ലോക്ക് പഞ്ചായത്ത് | | | | C.ജില്ലാ പഞ്ചായത്ത് | | | |
|---|---|---|---|---|---|---|---|---|---|---|---|
| നമ്പരും പേരും | തീയതി | സമയം | സ്ഥലം | നമ്പരും പേരും | തീയതി | സമയം | സ്ഥലം | നമ്പരും പേരും | തീയതി | സമയം | സ്ഥലം |
| | | | | | | | | | | | |

തീയതി :

## അനുബന്ധം R – IX

### മുനിസിപ്പൽ കൗൺസിലുകളിലെ സംവരണ നിയോജക മണ്ഡലങ്ങൾ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ നറുക്കെടുപ്പിലൂടെ തീരുമാനിക്കുന്നതിനുള്ള തീയതിയും സമയവും സ്ഥലവും സംബന്ധിച്ച അറിയിപ്പ്

അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ :

തദ്ദേശ സ്വയംഭരണ ജോയിന്റ് ഡയറക്ടർ :

ജില്ല:…………………………………

| ക്രമ നമ്പർ | മുനിസിപ്പാലിറ്റിയുടെ നമ്പരും പേരും | തീയതി | സമയം | സ്ഥലം |
|---|---|---|---|---|
| 1 | | | | |

തീയതി :

അനുബന്ധം R–X

**<u>മുനിസിപ്പൽ കോർപ്പറേഷനുകളിലെ സംവരണ നിയോജകമണ്ഡലങ്ങൾ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ നറുക്കെടുപ്പിലൂടെ തീരുമാനിക്കുന്നതിനുള്ള തീയതിയും സമയവും സ്ഥലവും സംബന്ധിച്ച അറിയിപ്പ്</u>**

അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ : തദ്ദേശ സ്വയംഭരണ ഡയറക്ടർ (അർബൻ)

| മുനിസിപ്പൽ കോർപ്പറേഷന്റെ നമ്പരും പേരും | തീയതി | സമയം | സ്ഥലം |
|---|---|---|---|
| 1. തിരുവനന്തപുരം<br>2. കൊല്ലം<br>3. കൊച്ചി<br>4. തൃശ്ശൂർ<br>5. കോഴിക്കോട്<br>6. കണ്ണൂർ | | | |

തീയതി: